


# മഴ ഇടി മിന്നൽ
# ഖുർആനിക വായന

ലേഖനം ● അബൂദർറ് എടയൂർ

**മഴ** അനുഗ്രഹവും നിഗ്രഹവുമാവാറുണ്ട്. അനുഗ്രഹമഴയെ കുറിക്കാൻ 'ഗൈസ്' എന്ന പദവും നിഗ്രഹമഴയെ കുറിക്കാൻ 'മത്വർ' എന്ന പദവുമാണ് ഖുർആൻ പൊതുവെ പ്രയോഗിച്ചിട്ടുള്ളത്. മഴയെ കുറിച്ച് 'ആകാശത്ത് നിന്ന് വെള്ളമിറക്കി' എന്ന പ്രയോഗവും ധാരാളം കാണാം. മഴ അല്ലാഹുവിന്റെ അനുഗ്രഹമായതിനാൽ അത് ലഭിക്കാനും അനുകൂലമാവാനും അല്ലാഹുവിനോട് പ്രാർഥിക്കണം. എന്നാൽ മഴക്ക് വേണ്ടിയുള്ള പ്രാർഥനയും നമസ്കാരവും ഇന്ന് അത്യപൂർവ കാഴചയാണ്. മിക്ക ആളുകൾക്കും അത് അറിയില്ല. മിക്കയാളുകളും ആവലാതിപ്പെടുകയാണ് ചെയ്യുക. മഴയെ ആക്ഷേപിക്കുകയും പഴിപറയുകയും 'കാലവർഷം ചതിച്ചു' പോലുള്ള പരാമർശങ്ങൾ നടത്തുകയും ചെയ്യുന്നവർ അല്ലാഹുവിനോട് നന്ദികേട് കാണിക്കുകയാണെന്ന് ഓർക്കുന്നില്ല.

മഴയെ കുറിച്ച് നിരവധി പരാമർശങ്ങൾ ഖുർആനിൽ കാണാം. പക്ഷേ അതൊന്നും മഴയുടെ ശാസ്ത്രം പഠിപ്പിക്കാനുള്ളതല്ല. അതിന് പിന്നിലുള്ള മികച്ച ആസൂത്രണം മനസിലാക്കി തരാൻ വേണ്ടിയാണ്. അല്ലാഹുവിലേക്ക് കൂടുതൽ അടുക്കാൻ അത് പ്രേരണയാവും.

അല്ലാഹുവാണ് മഴ വർഷിപ്പിക്കുന്നതെന്ന് ആവർത്തിക്കുന്ന ഖുർആൻ അവൻ ഉദ്ദേശിക്കുന്നിടത്ത് മാത്രമേ മഴ വർഷിക്കുകയുള്ളൂവെന്നും, അവൻ നിശ്ചയിച്ച

തോതനുസരിച്ചായിരിക്കുമതെന്നും വ്യക്തമാക്കുന്നു. അല്ലാഹുവല്ലാത്ത ഏതെങ്കിലും ശക്തികളാണ് മഴക്ക് പിന്നിലെന്ന് വിശ്വസിക്കുന്നവൻ ഇസ്‌ലാമിന് പുറത്താണെന്ന് പ്രവാചകൻ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. മഴ സംബന്ധിച്ച ഖുർആനിന്റെ ചില പരാമർശങ്ങൾ നോക്കാം.

മഴ വർഷിക്കുന്നത് മേഘത്തിൽ നിന്നാണെന്ന് ഖുർആൻ. "അല്ലാഹു മേഘത്തെ മന്ദംമന്ദം ചലിപ്പിക്കുന്നതും പിന്നെ അതിന്റെ ചീന്തുകൾ കൂട്ടിയിണക്കുന്നതും അനന്തരം അതിനെ കനപ്പിക്കുന്നതും നിങ്ങൾ കാണുന്നില്ലയോ? പിന്നെ, അതിനിടയിൽനിന്നു മഴത്തുള്ളികൾ ഉതിർന്നുവീഴുന്നത് കാണാം" (*അന്നൂർ* 43).

"കാറ്റുകളെ അയക്കുന്നത് അല്ലാഹുതന്നെയാകുന്നു. അവ മേഘങ്ങളെ ഇളക്കിവിടുന്നു. അങ്ങനെ അവനിച്ഛിക്കുംപടി മേഘങ്ങളെ ആകാശത്തിൽ പരത്തുകയും കഷ്ണങ്ങളാക്കിക്കീറുകയും ചെയ്യുന്നു. അപ്പോൾ അവക്കിടയിൽനിന്ന് മഴത്തുള്ളികളുതിർന്നുവീഴുന്നതായി നിനക്കു കാണാം" (*അർറൂം* 48).

"(നാം) കാർമേഘങ്ങളിൽനിന്ന് കോരിച്ചൊരിയുന്ന മഴയിറക്കുകയും ചെയ്തില്ലയോ" (*അന്നബഅ്* 14).

മഴ സൃഷ്ടികളോടുള്ള അല്ലാഹുവിന്റെ കാരുണ്യം വിളിച്ചോതുന്നു. "തന്റെ കാരുണ്യത്തിന്റെ (മഴയുടെ) മുന്നോടിയായി, സുവാർത്ത വഹിക്കുന്ന കാറ്റുകളെ അയക്കുന്നതും ആ അല്ലാഹു തന്നെയാകുന്നു. അതു ജലനിർഭരമായ മേഘങ്ങളെ ഉയർത്തിയാൽ നാം അതിനെ തരിശായ ഭൂമിയിലേക്കു നയിക്കുകയും അവിടെ മഴ വർഷിക്കുകയും (ആ തരിശുഭൂമിയിൽ) പല പല ഫലങ്ങൾ ഉൽപാദിപ്പിക്കുകയും ചെയ്യുന്നു" (*അൽഅഅ്റാഫ്* 57).

"തന്റെ കാരുണ്യത്തിന് (മഴക്ക്) മുന്നോടിയായി കാറ്റുകളെ സുവാർത്തയുമായി അയച്ചവനും അവൻ തന്നെയാകുന്നു" (*അൽഫുർഖാൻ* 48).

മഴ വഴി അല്ലാഹു നിർജീവമായ ഭൂമിയെ സജീവമാക്കുന്നു. അതാകട്ടെ അവന്റെ ഒരു ദൃഷ്ടാന്തവുമാണ്. "(നിങ്ങൾ കാണുന്നുണ്ടല്ലോ) അല്ലാഹു ആകാശത്തുനിന്നു ജലമിറക്കി. നിർജീവമായിക്കിടന്ന ഭൂമിയെ അതുവഴി പെട്ടെന്ന് സജീവമാക്കി. നിശ്ചയം, കേൾക്കുന്ന ജനത്തിന് ഇതിൽ ദൃഷ്ടാന്തമുണ്ട്" (*അന്നഹ്ൽ* 65).

**മഴ നിശ്ചിത അളവിൽ**

ഓരോ പ്രദേശത്തും വർഷിക്കേണ്ട മഴക്ക് അല്ലാഹു അളവ് നിശ്ചയിച്ചിട്ടുണ്ട്. വെള്ളം വറ്റിച്ചുകളയാതെ കെട്ടിനിർത്തിക്കൊണ്ട് നമുക്കാവശ്യമായ ജീവിതസൗകര്യങ്ങൾ ഒരുക്കിത്തരുന്നതും അല്ലാഹുവാണെന്ന് ഖുർആൻ ഓർമിപ്പിക്കുന്നു. "ആകാശത്തുനിന്ന് നാം കണിശമായ കണക്കു പ്രകാരം ജലമിറക്കി. അതിനെ ഭൂമിയിൽ പാർപ്പിച്ചു. എങ്ങനെ വേണമെങ്കിലും അതിനെ പോക്കിക്കളയുവാൻ കഴിവുള്ളവനത്രെ നാം. പിന്നെ, ആ ജലം മുഖേന നിങ്ങൾക്കായി ഈത്തപ്പഴത്തിന്റേയും മുന്തിരിയുടേയും തോട്ടങ്ങളുണ്ടാക്കി" (*അൽമുഅ്മിനൂൻ* 18). "മാനത്തുനിന്ന് നിശ്ചിത അളവിൽ മഴ വർഷിക്കുകയും അതുവഴി മൃതഭൂമിയെ ഉയിർത്തെഴുന്നേൽപിക്കുകയും ചെയ്യുന്നവൻ" (*അസ്സുഖ്റുഫ്* 11).

ആകാശം മേഘാവൃതമാണെങ്കിലും ചിലപ്പോൾ മഴ പെയ്യാറില്ല. ചിലപ്പോൾ നിനച്ചിരിക്കാതെ മഴയെത്തുകയും ചെയ്യാറുണ്ട്. എവിടെ എപ്പോൾ മഴ പെയ്യണമെന്ന് തീരുമാനിക്കുന്നത് അല്ലാഹുവാണ്.

"......ഈ മഴ അവന്റെ അടിമകളിൽ അവനുദ്ദേശിക്കുന്നവരുടെ മേൽ വർഷിക്കുമ്പോൾ, പെട്ടെന്നവർ ആഹ്ലാദഭരിതരാകുന്നു. നേരത്തേ അവർ അത് പെയ്തിറങ്ങുന്നതിൽ ആശയറ്റവരായിരുന്നുവെങ്കിലും" (*അർറൂം* 48,49).

മഴവെള്ളം ശുദ്ധവും അനുഗ്രഹീതവുമാണെന്ന് ഖുർആൻ പഠിപ്പിക്കുന്നു. "തന്റെ അനുഗ്രഹത്തിനു മുന്നോടിയായി കാറ്റുകളെ സുവാർത്തയുമായി അയച്ചവനും അവൻ തന്നെയാകുന്നു. പിന്നെ വിണ്ണിൽനിന്ന് ശുദ്ധജലമിറക്കുന്നു" (*അൽഫുർഖാൻ* 48). "വിണ്ണിൽനിന്ന് നാം അനുഗൃഹീതമായ തണ്ണീരിറക്കി; എന്നിട്ടതുവഴി തോട്ടങ്ങളും ധാന്യവിളകളും, പഴങ്ങൾ തിങ്ങിയ കുലകൾ അടുക്കടുക്കായി തൂങ്ങുന്ന നീണ്ടുയർന്ന ഈത്തപ്പനകളും മുളപ്പിച്ചു" (*ഖാഫ്* 9).

മഴയെ, മരിച്ചശേഷം വീണ്ടുമൊരു ജീവിതം ഉണ്ടാവുമെന്നതിന് തെളിവായി ഖുർആൻ

അവതരിപ്പിക്കുന്നു. "നാം നിർജീവമായ ഭൂമിക്ക് ജലത്താൽ ജീവനരുളുന്നു. (മരിച്ച മനുഷ്യരുടെ) ഉയിർത്തെഴുന്നേൽപും ഇതേപ്രകാരമാകുന്നു" (*ഖാഫ്* 9). "അതു(കാറ്റുകൾ) ജലനിർഭരമായ മേഘങ്ങളെ ഉയർത്തിയാൽ നാം അതിനെ തരിശായ ഭൂമിയിലേക്കു നയിക്കുകയും അവിടെ മഴ വർഷിക്കുകയും (ആ തരിശുഭൂമിയിൽ) പല പല ഫലങ്ങൾ ഉൽപാദിപ്പിക്കുകയും ചെയ്യുന്നു. നോക്കുക, ഇവ്വിധം തന്നെയാകുന്നു മരിച്ചവരെ നാം പുനർജീവിപ്പിക്കുന്നത്" (*അൽഅഅ്റാഫ്* 57).

ഐഹികജീവിതത്തിന്റെ ക്ഷണികത മഴയുടെ ഉപമയിലൂടെ ഖുർആൻ വ്യക്തമാക്കുന്നു. "ഇഹലോകത്തെ ഈ ജീവിതം, (അതിന്റെ സുഖത്തിൽ മത്തരായിട്ടാണല്ലോ നിങ്ങൾ നമ്മുടെ അടയാളങ്ങളെ അവഗണിച്ചു കൊണ്ടിരിക്കുന്നത്) അതിന്റെ ഉപമ ഇപ്രകാരമാകുന്നു: ആകാശത്തുനിന്നു നാം ജലം വർഷിച്ചു. അപ്പോൾ മനുഷ്യരും മൃഗങ്ങളുമെല്ലാം ഭക്ഷിക്കുന്ന ഉൽപന്നങ്ങൾ ഭൂമിയിൽ തിങ്ങി വളർന്നു. അങ്ങനെ ഭൂമി വസന്തമണിഞ്ഞ് അലങ്കൃതമാവുകയും അതിന്റെ ഉടമകൾ തങ്ങൾ വിളവെടുക്കാൻ പ്രാപ്തരായിരിക്കുന്നുവെന്നു കരുതുകയും ചെയ്തപ്പോൾ പെട്ടെന്ന് രാത്രിയോ പകലോ നമ്മുടെ വിധി അതിനെ പിടികൂടുന്നു. അങ്ങനെ നാമതിനെ നിശ്ശേഷം നശിപ്പിച്ചുകളയുന്നു; ഇന്നലെ അവിടെ ഒന്നുംതന്നെ മുളച്ചിട്ടേ ഇല്ലാത്തതുപോലെ. ചിന്തിച്ചു മനസ്സിലാക്കുന്നവർക്കുവേണ്ടി നാം ഇവ്വിധം ദൃഷ്ടാന്തങ്ങൾ വിവരിച്ചു കൊടുക്കുകയാകുന്നു" (*യൂനുസ്* 24). "പ്രവാചകരേ, ഐഹികജീവിതത്തിന്റെ യാഥാർഥ്യം ഒരു ഉദാഹരണത്തിലൂടെ അവർക്കു മനസ്സിലാക്കിക്കൊടുക്കുക: ഇന്ന് നാം വിണ്ണിൽനിന്ന് ജലം വർഷിക്കുന്നു. അതുവഴി ഭൂമി സസ്യങ്ങളാൽ പച്ചപിടിച്ചു. നാളെ ഇതേ സസ്യങ്ങൾ, കാറ്റിൽ പാറിപ്പോകുന്ന വരണ്ട ധൂളികളായിത്തീരുന്നു" (*അൽകഹ്ഫ്* 45).

"നന്നായറിഞ്ഞുകൊള്ളുക: ഈ ഐഹിക ജീവിതം കേവലം കളിയും തമാശയും പുറംപകിട്ടും, നിങ്ങൾ തമ്മിലുള്ള പൊങ്ങച്ചം പറച്ചിലും, സമ്പത്തിലും സന്തതികളിലും പരസ്പരം മികച്ചുനിൽക്കാനുള്ള മൽസരവുമല്ലാതെ മറ്റൊന്നുമല്ല. അതിന്റെ ഉദാഹരണം ഇപ്രകാരമാകുന്നു: ഒരു മഴപെയ്തു. അതിനാലുണ്ടായ സസ്യലതാദികൾ കണ്ട് കർഷകർ സന്തുഷ്ടരായി. പിന്നെ ആ വിള ഉണങ്ങിപ്പോകുന്നു. അപ്പോൾ അത് മഞ്ഞളിക്കുന്നതായി നിനക്കു കാണാം. പിന്നീടത് വയ്ക്കോലായിത്തീരുന്നു" (*അൽഹദീദ്* 20).

ജനങ്ങൾ തങ്ങളുടെ തെറ്റുകുറ്റങ്ങൾ ഏറ്റുപറഞ്ഞ് പശ്ചാത്തപിക്കുകയും സന്മാർഗചാരികളാവുകയുമാണെങ്കിൽ മഴവർഷമുണ്ടാവുമെന്ന് ഖുർആൻ സുവാർത്ത അറിയിക്കുന്നു.

"റബ്ബിനോട് മാപ്പിരക്കുവിൻ. നിസ്സംശയം, അവൻ വളരെ മാപ്പരുളുന്നവനാകുന്നു. നിങ്ങൾക്ക് അവൻ ധാരാളം മഴ പെയ്യിച്ചുതരും. സമ്പത്തും സന്തതികളും പ്രദാനം ചെയ്യും. തോട്ടങ്ങളുണ്ടാക്കിത്തരും. നദികളൊഴുക്കിത്തരും" (*നൂഹ്* 12).

ധാരാളം മഴയും മറ്റ് അനുഗ്രഹങ്ങളും ലഭിച്ചിട്ടും നന്ദികേട് കാണിച്ചവരെ അല്ലാഹു നശിപ്പിച്ചിട്ടുണ്ടെന്ന് ഖുർആൻ മുന്നറിയിപ്പ് നൽകുന്നു. "അവർക്കുമുമ്പ് എത്രയോ സമുദായങ്ങളെ നാം നശിപ്പിച്ചിട്ടുള്ളത് അവർ കണ്ടിട്ടില്ലേ? അവർ താന്താങ്ങളുടെ കാലഘട്ടങ്ങളിലെ പ്രതാപികളായിരുന്നു. നാം നിങ്ങൾക്ക് നൽകിയിട്ടില്ലാത്ത അധികാരം ഭൂമിയിൽ അവർക്കു നൽകിയിരുന്നു. അവർക്ക് ആകാശത്തുനിന്നു നിരന്തരം മഴ വർഷിപ്പിച്ചു. അവരുടെ താഴെ നദികളെ ഒഴുക്കുകയും ചെയ്തു. (പക്ഷേ, അനുഗ്രഹങ്ങളുടെ നേരെ നന്ദികെട്ടവരായപ്പോൾ) അവരുടെ പാപങ്ങളുടെ ഫലമായി ഒടുവിൽ നാം അവരെ ഉന്മൂലനം ചെയ്യുകയും പിന്നെ തൽസ്ഥാനത്തു മറ്റൊരു തലമുറയെ ഉയിർത്തെഴുന്നേൽപിക്കുകയും ചെയ്തു" (*അൽഅൻആം* 6).

'മഴ കനത്തു; വ്യാപകമായ നാശം', നാം മഴക്കാലത്ത് കേൾക്കുകയും വായിക്കുകയും ചെയ്യാറുള്ള ഒരു വാർത്തയാണിത്. പേമാരിയും വെള്ളപ്പൊക്കവും ചിലപ്പോൾ ശിക്ഷയും മുന്നറിയിപ്പും താക്കീതുമൊക്കെയായിരിക്കാം. ഖുർആൻ പറയുന്നു:

"ഇവർക്ക് മുമ്പ് നൂഹിന്റെ ജനം നിഷേധിച്ചിട്ടുണ്ട്. നമ്മുടെ ദാസനെ അവർ തള്ളിപ്പറഞ്ഞു. ഭ്രാന്തനെന്ന് ആരോപിക്കുകയും ചെയ്തു. അദ്ദേഹം അതിരൂക്ഷമായി വിരട്ടപ്പെട്ടു. ഒടുവിൽ അദ്ദേഹം റബ്ബിനോട് പ്രാർഥിച്ചു: 'ഞാൻ തോൽപിക്കപ്പെട്ടിരിക്കുന്നു. ഇനി നീ ഇവരോട് പ്രതികാരം ചെയ്തുകൊള്ളുക.' അപ്പോൾ കോരിച്ചൊരിയുന്ന പേമാരിയാൽ നാം വിണ്ണിന്റെ കവാടങ്ങൾ തുറന്നു. ഭൂമിയെ പിളർന്ന് പുഴകളാക്കി. അങ്ങനെ, വിധിക്കപ്പെട്ടിരുന്ന കാര്യം നിവർത്തിക്കു

ന്നതിനുവേണ്ടി ഈ ജലമൊക്കെയും കൂടിച്ചേർന്നു" (*അൽഖമർ* 9–12).

ആകാശത്തുനിന്ന് കല്ലുമഴ വർഷിക്കുന്നതിനെ കുറിച്ചും ഖുർആൻ പ്രതിപാദിക്കുന്നു. ലൂത്വ് നബി(അ)യുടെ ജനതയെ ശിക്ഷിച്ച രീതിയാണ് അതിൽ വിവരിക്കുന്നത്.

"അങ്ങനെ നമ്മുടെ കൽപന വന്നെത്തിയപ്പോൾ നാം ആ നാടിനെ കീഴ്മേൽ മറിച്ചുകളഞ്ഞു. അതിനു മീതെ നാം ചുവന്ന കട്ടകൾ വർഷിച്ചു. അവയിൽ ഓരോ കല്ലും നിന്റെ നാഥങ്കൽ അടയാളപ്പെടുത്തിയിട്ടുള്ളതായിരുന്നു. ഈ ശിക്ഷ ധിക്കാരികളിൽനിന്ന് ഒട്ടും വിദൂരമല്ല" (*ഹൂദ്* 82).

'ആ നാടിനെ നാം കീഴ്മേൽ മറിച്ചുകളഞ്ഞു. അവർക്ക് മീതെ ചുട്ടുപഴുത്ത കല്ലുകൾ വർഷിച്ചു' (*അൽഹിജ്ർ* 74).

താന്തോന്നിത്തം നടമാടുമ്പോൾ, സ്വവർഗലൈംഗികത പോലുള്ളവ നിയമപ്രാബല്യം നേടിയെടുക്കുമ്പോൾ ഇത്തരം ചരൽമഴ വർഷത്തെ കുറിച്ച ഭയമൊന്നുമില്ലാതെ ജീവിക്കാൻ നമുക്കെങ്ങനെ കഴിയും? ഖുർആൻ പറയുന്നു:

"അവൻ (അല്ലാഹു) എപ്പോഴെങ്കിലും നിങ്ങളെ കരയിൽതന്നെ ആഴ്ത്തിക്കളയുകയോ, അല്ലെങ്കിൽ നിങ്ങൾക്കു മീതെ കല്ലുകൾ വർഷിക്കുന്ന കൊടുങ്കാറ്റയയ്ക്കുകയോ ചെയ്യുകയും, എന്നിട്ട് അതിൽനിന്ന് രക്ഷിക്കുന്ന യാതൊരു രക്ഷകനെയും കണ്ടെത്താതിരിക്കുകയും ചെയ്യുന്നതിനെക്കുറിച്ച് നിങ്ങൾ തികച്ചും നിർഭയരാണോ?" (*അൽ ഇസ്റാഅ്* 68).

ഖുർആൻ പരാമർശിക്കുന്ന മറ്റൊന്നാണ് രക്തമഴ. മൂസാനബിയുടെ അനുയായികൾക്ക് കാണിച്ചുകൊടുത്ത ദൃഷ്ടാന്തങ്ങളിലൊന്നായിരുന്നു അത്. "അവർ മൂസായോടു പറഞ്ഞു: 'ഞങ്ങളെ വശീകരിക്കാൻ എന്തൊക്കെ ദൃഷ്ടാന്തം കൊണ്ടുവന്നാലും ഞങ്ങൾ നിന്നെ അംഗീകരിക്കാൻ പോകുന്നില്ല.' ഒടുവിൽ നാം അവരുടെ മേൽ പ്രളയമയച്ചു, വെട്ടുകിളികളെ വിട്ടു, പേൻ വിതച്ചു, തവളകളെ പെരുപ്പിച്ചു, ചോര വർഷിക്കുകയും ചെയ്തു. ഈ ദൃഷ്ടാന്തങ്ങളത്രയും വെവ്വേറെ തന്നെ കാണിച്ചുകൊടുത്തു. പക്ഷേ, അവർ ഗർവിഷ്ഠരായി നടന്നു" (*അൽഅഅ്റാഫ്* 133).

ചിലപ്പോൾ മഴയോടൊപ്പം ആലിപ്പഴവർഷവുമുണ്ടാകാം. "ആകാശത്തുനിന്ന് അവിടെ മലകൾ പോലുള്ള മേഘക്കൂമ്പാരങ്ങളിൽ നിന്ന് അവൻ ആലിപ്പഴം ഇറക്കുകയും എന്നിട്ട് താനിച്ഛിക്കുന്നവർക്ക് അവയാൽ ആപത്തണയ്ക്കുന്നു. താനിച്ഛിക്കുന്നവരെ അവയിൽനിന്ന് രക്ഷിക്കുകയും ചെയ്യുന്നു" (*അന്നൂർ* 43).

**ഇടി, മിന്നൽ**

മഴയോടൊപ്പവും അല്ലാതെയും ഉണ്ടാവാറുള്ള പ്രതിഭാസങ്ങളാണ് ഇടിയും മിന്നലും. വിശുദ്ധ ഖുർആനിൽ റഅ്ദ് (ഇടി) എന്ന പദം രണ്ട് തവണയും ബർഖ് (മിന്നൽ) എന്ന പദം അഞ്ച് തവണയും പ്രയോഗിച്ചിട്ടുണ്ട്. പ്രാപഞ്ചികവ്യവസ്ഥയിലെ അത്ഭുത പ്രതിഭാസമായ മിന്നൽ വൈദ്യുതിവാഹിയായ രണ്ടുമേഘങ്ങൾക്കിടയിലുണ്ടാകുന്ന വിദ്യുത്പ്രവാഹമാണെന്ന് ചിലർ പറയുന്നു. അതല്ല, മേഘവും ഭൂമിയിലെ പർവതങ്ങൾ പോലുള്ള ഉയർന്ന ശിഖിരങ്ങളും തമ്മിലുണ്ടാകുന്ന വിദ്യുത്ഗമനമാണെന്ന് വേറെ ചിലർ. അതേ തുടർന്ന് വായുവിലുണ്ടാകുന്ന ആന്ദോളനങ്ങൾ ഇടിയായി നാം കേൾക്കുന്നു. കാരണങ്ങൾ എന്തുതന്നെയായാലും മിന്നൽ പിണറുകൾ ഈ പ്രപഞ്ചത്തിൽ അല്ലാഹു നിശ്ചയിച്ച വ്യവസ്ഥാപിത നിയമങ്ങളുടെ ഒരു ഭാഗം തന്നെയാണെന്നതിൽ സംശയമില്ല. പേടിയും പ്രത്യാശയും നൽകിക്കൊണ്ട് അല്ലാഹു നമുക്ക് മിന്നൽപിണർ കാണിച്ചുതരുന്നു. അതിന്റെ സംഹാരശക്തിയോർത്ത് നാം ഭയചകിതരാകുന്നു. ഭൂമിയിൽ ജീവിതം തളിർക്കാനും നീർച്ചാലുകളൊഴുകാനും കാരണമാകുന്ന മഴ അതിനെ തുടർന്നുണ്ടാവുമല്ലോ എന്ന് നാം പ്രത്യാശിക്കുകയും ചെയ്യുന്നു.

*സൂറത്തുന്നൂർ* 43 ാം സൂക്തത്തിൽ ആലിപ്പഴത്തെ കുറിച്ച് പറഞ്ഞശേഷം അതിന്റെ മിന്നൽ വെളിച്ചം കാഴ്ചകൾ റാഞ്ചിക്കളയുമാറാകുന്നു എന്ന് പറഞ്ഞത് എന്തുകൊണ്ട് എന്ന സംശയം ഉദിക്കാം. മിന്നലുണ്ടാക്കുന്നതിൽ ആലിപ്പഴത്തിന് പങ്കുണ്ടോ? ഇതേകുറിച്ച് Meteorology Today എന്ന പുസ്തകം പറയുന്നത് ഇങ്ങനെയാണ്: അതിയായി ശീതീകരിക്കപ്പെട്ട ജലകണങ്ങളും ഹിമപരലുകളുമടങ്ങുന്ന മേഘഭാഗത്ത് ആലിപ്പഴം വീഴുമ്പോൾ മേഘം വൈദ്യുതീകരിക്കപ്പെടുന്നു. ദ്രവീകൃത ജലകണങ്ങൾ ആലിപ്പഴവുമായി കൂട്ടിമുട്ടുമ്പോൾ അത് ശൈത്യത്താൽ ഉറക്കുകയും അതിലടങ്ങിയിട്ടുള്ള താപം ബഹിഷ്കൃതമാവുകയും ചെയ്യുന്നു.

ഇത് ആലിപ്പഴത്തിന്റെ ബാഹ്യതലം ചുറ്റുമുള്ള ഹിമപരലുകളേക്കാൾ ഊഷ്മളമായി നിലനിൽക്കാൻ കാരണമാകുന്നു.

ആലിപ്പഴങ്ങൾ ഹിമപരലുകളുമായി സന്ധിക്കുമ്പോൾ ഒരു പ്രധാന പ്രതിഭാസമുണ്ടാകുന്നു. ഇലക്ട്രോണുകൾ കൂടുതൽ തണുപ്പുള്ള പ്രതലത്തിൽ നിന്ന് ഊഷ്മളമായ പ്രതലത്തിലേക്ക് നീങ്ങുന്നു. ഇതുവഴി ആലിപ്പഴം നെഗറ്റീവ് ചാർജ് ചെയ്യപ്പെടുന്നു. അതിശീതീകൃത ജലകണികകൾ ആലിപ്പഴവുമായി സന്ധിക്കുമ്പോൾ ഇതേ ഇഫക്ടുണ്ടാവുകയും പോസിറ്റീവ് ചാർജ് ചെയ്യപ്പെടുന്ന ഹിമചീളുകൾ വേറിട്ടുപോവുകയും ചെയ്യുന്നു. ഈ ചീളുകൾ മേഘത്തിന്റെ മേലോട്ടുള്ള പ്രവാഹത്തിലൂടെ മുകളിലേക്കും നെഗറ്റീവ് ചാർജുള്ള ആലിപ്പഴം മേഘത്തിന്റെ താഴ്ഭാഗത്തേക്കും നീങ്ങുന്നു. അതോടെ കാർമേഘത്തിന്റെ താഴെ തലം നെഗറ്റീവ് ചാർജുള്ളതായിത്തീരുകയും ഈ നെഗറ്റീവ് ചാർജ് ഇടിമിന്നലായി മാറുകയും ചെയ്യുന്നു. ഇതിൽ നിന്ന് ആലിപ്പഴങ്ങളാണ് ഇടിമിന്നൽ ഉൽപാദിപ്പിക്കുന്നതെന്ന് വ്യക്തം.

അടുത്ത കാലത്താണ് ശാസ്ത്രം ഇത് കണ്ടെത്തുന്നത്. ക്രി. 1600 വരെ അരിസ്റ്റോട്ടിലിന്റെ ആശയങ്ങളായിരുന്നു നിലവിലുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അന്തരീക്ഷത്തിൽ ഈർപ്പമുള്ളതും വരണ്ടതുമായ രണ്ടുതരം മേഘങ്ങളാണുള്ളത്. ഇടിമുഴക്കമുണ്ടാകുന്നത് ഈർപ്പമുള്ള മേഘവുമായി വരണ്ടത് കൂട്ടിമുട്ടുമ്പോഴാണ്. മിന്നലുണ്ടാകുന്നത് കൂട്ടിമുട്ടലുണ്ടാകുമ്പോൾ വരണ്ടതിന് തീപിടിക്കുന്നതിനാലാണ്. (the works of aristotle. Tr. meteorologica vol.3)

മറ്റൊരു പ്രതിഭാസമാണ് ഇടി. സയ്യിദ് ഖുതുബ് പറഞ്ഞതുപോലെ, കാരണങ്ങൾ എന്തുതന്നെയായാലും അതും ദൈവത്തിന്റേതു മാത്രമായ ഒരു സൃഷ്ടിതന്നെ. ആലങ്കാരികമായി പറഞ്ഞാൽ, ഈ വ്യവസ്ഥയുടെ ശില്പവൈദഗ്ധ്യത്തിന്റെ പേരിലുള്ള ശബ്ദായമാനമായ പ്രശംസയും പ്രണാമവും. സ്വന്തം സൃഷ്ടിപ്പിലെ സൂക്ഷ്മതയുടെയും സൗന്ദര്യത്തിന്റെയും പേരിൽ എല്ലാ സൃഷ്ടികളും കൂടി സ്രഷ്ടാവിന് സമർപ്പിക്കുന്ന സ്തുതികീർത്തനങ്ങളുടെ സമ്മിശ്രശബ്ദം.

താനുദ്ദേശിക്കുന്നവരെ ബാധിക്കുന്ന ഇടിവാളുകളെ കുറിച്ചും അല്ലാഹു മുന്നറിയിപ്പ് നൽകുന്നു. ഇടിവാളുകൾ ഈ പ്രാപഞ്ചിക വ്യവസ്ഥയിലെ ഒരു പ്രതിഭാസമാകുന്നു. പക്ഷേ, സ്വന്തം അവസ്ഥയിൽ മാറ്റം വരുത്താൻ തയ്യാറാകാത്തതിനാൽ ഇനിയും വെറുതെ വിട്ടിട്ടുകാര്യമില്ല എന്ന് ദൈവികയുക്തിക്ക് ബോധ്യപ്പെട്ടവരെ നശിപ്പിക്കാൻകൂടി ഈ പ്രതിഭാസത്തെ ചിലപ്പോൾ അല്ലാഹു ഉപയോഗപ്പെടുത്തുന്നു. (*അർറഅ്ദ്* 13).

ഇടി, മിന്നൽ, മേഘം, മഴ തുടങ്ങിയവക്കെല്ലാം ശാസ്ത്രത്തിന്റെ ദൃഷ്ടിയിൽ പല കാരണങ്ങളും പറയാനുണ്ടെങ്കിലും ആ കാരണങ്ങൾ വ്യവസ്ഥപ്പെടുത്തിയത് അല്ലാഹുവാകുന്നു.

ഇടിയും മിന്നലും ഉണ്ടാവുമ്പോൾ നബി(സ) ഇപ്രകാരം പറയാറുണ്ടായിരുന്നതായി ഇബ്നു ഉമർ(റ) പ്രസ്താവിക്കുന്നു: "അല്ലാഹുവേ, നിന്റെ കോപം കൊണ്ട് നീ ഞങ്ങളെ കൊലപ്പെടുത്തരുതേ, നിന്റെ ശിക്ഷ കൊണ്ട് ഞങ്ങളെ നീ നശിപ്പിക്കുകയും ചെയ്യരുതേ, അതിനുമുമ്പ് നീ ഞങ്ങളെ സൗഖ്യത്തിലാക്കുകയും ചെയ്യേണമേ" (ബുഖാരി). ഇടി കേൾക്കുമ്പോൾ നബി (സ) ഇപ്രകാരം പറഞ്ഞിരുന്നുവെന്ന് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു: "യാതൊരുവനെ സ്തുതിച്ചുകൊണ്ട് ഇടി തസ്ബീഹ് നടത്തുന്നുവോ അവൻ മഹാപരിശുദ്ധൻ. അവനെ ഞാൻ വാഴ്ത്തുന്നു" (ഇബ്നു ജരീർ).

ഇത്തരം പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ യാഥാർഥ്യവും അവയുടെ കാരണങ്ങളും വിശദീകരിക്കുക ഖുർആനിന്റെ രീതിയോ സ്വഭാവമോ അല്ല. മറിച്ച് മനുഷ്യഹൃദയത്തെ ഈ പ്രപഞ്ചവുമായും പ്രപഞ്ചസ്രഷ്ടാവുമായും ബന്ധിപ്പിക്കാൻ അവയെ ഒരുപാധിയാക്കുക എന്നതാണ് ഖുർആന്റെ രീതി. അതുകൊണ്ടാണ് മനുഷ്യരിൽ ഭയവും പ്രത്യാശയുമുണ്ടാക്കുന്ന ദൈവികദൃഷ്ടാന്തമാണതെന്ന് ഖുർആൻ പറയുന്നത്. ഈ രണ്ടു വിചാരങ്ങളാണ് ആ പ്രതിഭാസത്തിനു മുന്നിൽ മനുഷ്യരിലുണരുന്ന സ്വാഭാവിക പ്രതികരണങ്ങൾ. ■